## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3602. 17.10.2011-ൽ മറുപടിയ്ക്ക്

### 108 ആംബുലൻസ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | ദേവികുളം മണ്ഡലത്തിൽ എത്ര 108 ആംബുലൻസുകൾ ഉണ്ട്. | (എ) | ദേവികുളം മണ്ഡലത്തിൽ താൽകാലികമായി ഒരു 108 ആംബുലൻസ് പ്രവർത്തിച്ചുവന്നിരുന്നത് ആലപ്പുഴ ജില്ലയിൽ 108 ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാറ്റിയിട്ടുണ്ട്. പകരം സംവിധാനം ഉടൻതന്നെ ഏർപ്പെടുത്തുന്നതാണ്. |
| (ബി) | പ്രസ്തുത ആംബുലൻസുകളിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ എങ്ങനെയാണ്; | (ബി) | 108 ആംബുലൻസുകളിലേക്ക് ജി.ഒ.(ആർ.റ്റി) നം.882/2011/ആ.കു.വ. തീയതി 1.03.2011. പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കാനായി നാല് എമർജൻസി ടെക്നീഷ്യന്മാരെയും, നാലു ഡ്രൈവർമാരെയും നിയമിച്ചിരിക്കണം. |
| (സി) | ജീവനക്കാരുടെ നിയമന സേവന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ജീവനക്കാരുടെ നിയമനം താല്കാലികമാണ്. 8 മണിക്കൂർ വീതമുള്ള മൂന്ന് ഷിഫ്റ്റുകളാണ് ദിവസേനയുള്ളത്. ആഴ്ചയിൽ ഒരു ദിവസമാണ് അവധി. |
| (ഡി) | 108 ആംബുലൻസിലെ വിവിധ തസ്തികകൾക്ക് നൽകുന്ന ശമ്പളം എത്രവീതമാണ്. ഇവർക്ക് ജോലി സ്ഥിരത നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | ജി.ഒ.(ആർ.റ്റി) നം.882/2011/ആ.കു.വ. തീയതി 1.03.2011. പ്രകാരം ഡ്രൈവർമാർക്ക് 6000 രൂപയും ടെക്നീഷ്യന് 8000 രൂപയുമാണ് പ്രതിമാസശമ്പളം. ഇതു താല്കാലിക അടിസ്ഥാനത്തിൽ വിന്യസിച്ച ആംബുലൻസുകളാണ്. അതിനാൽ തന്നെ ഇതിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്നതല്ല. |
| (ഇ) | പ്രസ്തുത ജീവനക്കാർക്ക് മിനിമം ശമ്പളം നൽകുന്നില്ല എന്ന പരാതിയും പിരിച്ചുവിടൽ ഭീഷണിയും ഉണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു? | (ഇ) | ഇത്തരത്തിൽ ഒരു പരാതിയോ വിവരമോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇവരെയെല്ലാം തന്നെ താല്കാലിക അടിസ്ഥാനത്തിൽ ദിവസക്കൂലിക്ക് നിയോഗിച്ചതാണ്. |

സെക്ഷൻ ഓഫീസർ